## കാസറഗോഡ് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയുടെ നടപടിക്രമം

## ( ഹാജർ : ഭണ്ഡാരി സ്വാഗത് രൺവീർ ചന്ദ് IAS )

വിഷയം: ജില്ലാ ആസൂത്രണ സമിതി കാസറഗോഡ് - ജൈവവൈവിധ്യ പരിപാലന സമിതികൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും പ്രവർത്തനം വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതികളുടെ സബ്കമ്മറ്റി എന്ന നിലയിൽ ജൈവവൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റികൾ രൂപീകരിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത് -ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്ത സ്ഥിരം ക്ഷണിതാക്കളെ ഉൾപ്പെടുത്തി ജില്ലാ തലത്തിൽ ജൈവവൈവിധ്യ കോ-ഓർഡിനേഷൻ കമ്മറ്റി രൂപകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

പരാമർശം: 1. സർക്കാർ ഉത്തരവ് (സാധാ) നം.2550/2022/LSGD തീയതി 20.10.2022

2. കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 1246/A8/2022/KSBB നമ്പറായ 14.12.2022 ലെ കത്ത്

**ഉത്തരവ് നമ്പർ 1854/2022/കെഎസ് ബിബി/ഡിപിഒ/കെഎസ്ഡി തീയതി: 23/01/2023**

സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകൾ ഉൾപ്പെടെ എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും ജൈവവൈവിധ്യ പരിപാലന സമിതി( BMC) കൾക്കാവശ്യമായ വിദഗ്ധോപദേശം നൽകുന്നതിനും അവയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ജില്ലാ ആസൂത്രണ സമിതിയുടെ സബ് കമ്മറ്റി എന്ന നിലയിൽ ജില്ലാതല ജൈവവൈവിധ്യ കമ്മിറ്റി താഴെ പറയുന്ന ഘടനയിൽ രൂപീകരിച്ച് മേൽ സൂചന (1) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺ - കമ്മിറ്റി ചെയർപേഴ്സൺ

ജില്ലാ പ്ലാനിംഗ് ഓഫീസർ - കൺവീനർ

ജില്ലാ കോ-ഓർഡിനേറ്റർ
(കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്)- ജോയിന്റ് കൺവീനർ

പ്രിൻസിപ്പൽ കൃഷി ഓഫീസർ - അംഗം
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ/അസി.ഫോറസ്റ്റ് കൺസർവേറ്റർ - അംഗം

ജില്ലാ ഫിഷറീസ് ഓഫീസർ - അംഗം

ജില്ലാ മൃഗ സംരക്ഷണ ഓഫീസർ - അംഗം

പ്രോജക്ട് ഡയറക്ടർ (ദാരിദ്ര്യ ലഘൂകരണ വിഭാഗം)- അംഗം

ഡെ.ഡയറക്ടർ(എക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ്) - അംഗം

കൂടാതെ സ്ഥിരം ക്ഷണിതാക്കളായി ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്യുന്ന ജില്ലയിൽ നിന്നുള്ള 5 ൽ കുറയാത്ത വിദഗ്ധർ, ഗ്രാമ പഞ്ചായത്ത് അസോസിയേഷനിൽ നിന്നും

ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷനിൽ നിന്നും 2 പേർ വീതം , നഗരസഭാ ചെയർമാൻമാരിൽ നിന്നും ഒരാൾ എന്നിവരെയും കമ്മറ്റിയിൽ ഉൾപ്പെടുത്തണമെന്നും ഉത്തരവിൽ നിർദ്ദേശിക്കുന്നുണ്ട്.

മേൽ സാഹചര്യത്തിൽ ജില്ലാതല ജൈവവൈവിധ്യ കോ-ഓർഡിനേഷൻ കമ്മിറ്റിയിലെ സ്ഥിരം ക്ഷണിതാക്കളായി ജില്ലാ ആസൂത്രണ സമിതി നാമനിർദ്ദേശം ചെയ്ത താഴെ പരാമർശിക്കുന്ന വരെ നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. പ്രൊഫസർ.വി.ഗോപിനാഥൻ
   ഡെ.ഡയറക്ടർ കോളേജ് വിദ്യാഭ്യാസം(റിട്ട.)
2. ശ്രീ. സുധീർ കുമാർ.പി.വി ടീച്ചർ
   പുതിയങ്ങാടി ജമായത്ത് ഹയർസെക്കണ്ടറി സ്കൂൾ
3. അഡ്വ. കെ. കുമാരൻ നായർ
   ഗോൾഡൻ സിറ്റി കോംപ്ലക്സ്, ബി.സി റോഡ്, വിദ്യാനഗർ
4. ഡോ.ബിജു.പി. അസി.പ്രൊഫസർ
   സസ്യശാസ്ത്ര വിഭാഗം, ഗവ.കോളേജ് കാസറഗോഡ്
5. അഡ്വ. സി.രാമചന്ദ്രൻ, സർക്കാർ നോമിനി,
   ജില്ലാ ആസൂത്രണ സമിതി, കാസറഗോഡ്
6. ശ്രീ.ഖാദർ ബദരിയ, പ്രസിഡന്റ്
   ചെങ്കള ഗ്രാമ പഞ്ചായത്ത്
7. ശ്രീമതി. ശോഭ ടി. പ്രസിഡന്റ് ,അജാനൂർ ഗ്രാമപഞ്ചായത്ത്
8. ശ്രീമതി. എം.ലക്ഷ്മി, പ്രസിഡന്റ് പരപ്പ ബ്ലോക്ക് പഞ്ചായത്ത്
9. ശ്രീമതി.സൈമ സി.എ പ്രസിഡന്റ്, കാസറഗോഡ് ബ്ലോക്ക് പഞ്ചായത്ത്
10. ശ്രീമതി.കെ.വി സുജാത, ചെയർപേഴ്സൺ, കാഞ്ഞങ്ങാട് നഗരസഭ

(ഒപ്പ്)

ജില്ലാ കളക്ടർ & മെമ്പർ സെക്രട്ടറി
ജില്ലാ ആസൂത്രണ സമിതി

ഉത്തരവിൻ പ്രകാരം

റിസർച്ച് ഓഫീസർ

സ്വീകർത്താവ്

എല്ലാ കമ്മിറ്റി അംഗങ്ങൾക്കും

പകർപ്പ് :

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്
ജില്ലാ പഞ്ചായത്ത് പ്രസ്ഡന്റിന്റെ സി.എ യ്ക്ക്
ജില്ലാ കളക്ടറുടെ സി.എ യ്ക്ക്
സ്റ്റോക്ക് ഫയൽ